**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465** **11-06-2024 - ൽ മറുപടിയ്ക്ക്**

**പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 28-04-2018-ലെ സ.ഉ (സാധാ) നം.847/2018/ഉ.വി.വ, 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ഉ.വി.വ, 06-07-2019-ലെ സ.ഉ (സാധാ) നം.1155/2019/ഉ.വി.വ, 30-08-2019-ല സ.ഉ (കൈ) നം.304/2019/ഉ.വി.വ, 20-02-2020-ലെ സ.ഉ (സാധാ) നം.310/2020/ഉ.വി.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ് കോ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 30-10-2020-ലെ HED007-36/APR-6/2020/KIIFB നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 10,15,53,109/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട്, ടി തുക ഉയർത്തി നൽകുന്നതിനായി കിറ്റ് കോ ശിപാർശ സമർപ്പിക്കുകയും അത് പരിശോധിച്ച ശേഷം മേൽ സൂചിപ്പിച്ച ധനാനുമതി തുക 03-08-2023-ലെ HED007-36/APR-4/2023/KIIFB നമ്പർ ഉത്തരവ് പ്രകാരം 13,56,28,769/- രൂപയായി ഉയർത്തി നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച്, കിറ്റ്കോ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ പ്രവൃത്തി ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കിറ്റ് കോ അറിയിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് കിഫ്ബിയുടെ ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ടി പദ്ധതികൾ യഥാസമയം സാങ്കേതികാനുമതി നൽകി |

| | | | |
|---|---|---|---|
| | | | ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നതിനാൽ, അത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ